പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 985 — 08.01.2014 -ലെ മറുപടിക്ക്.

ക്ഷേമനിധി ആനുകൂല്യങ്ങൾ ബാങ്കുവഴി വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. വി. പി. സജീന്ദ്രൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ക്ഷേമനിധി അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് മുഖേന മാത്രമായി ആനുകൂല്യം നല്കുന്നതിന് ബോർഡുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ചില ക്ഷേമനിധി ബോർഡുകൾ ഇപ്പോൾത്തന്നെ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന ആനുകൂല്യം നല്കി വരുന്നു. |
| (ബി) ഈ സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഉണ്ട്. ബാങ്ക് അക്കൗണ്ട് നമ്പരും മറ്റ് വിവരങ്ങളും ഇതിലേയ്ക്കായി പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്ത് വരുന്നുണ്ട്. 31/12/2013 വരെ 15,65,000/- പേർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (സി & ഡി) എല്ലാ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്കും അവരുടെ ബാങ്ക് അക്കൗണ്ട് നമ്പരും ഫോട്ടോയും ബന്ധപ്പെട്ട മറ്റു വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ